## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1314

13 /12/2012 - ൽ
മറുപടിക്ക്

### റേഷൻ മണ്ണെണ്ണ വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ റേഷൻ മണ്ണെണ്ണ വിഹിതം പ്രതിമാസം ഇപ്പോൾ എത്ര ലിറ്റർ ആണ്; ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ എത്രയായി രുന്നു; എത്ര ശതമാനം കുറ വാണ് വന്നിട്ടുള്ളത്; വിശദ മാക്കുമോ; | (എ) സംസ്ഥാനത്തിന് 2012 ഒക്ടോബർ - നവംബർ -ഡിസംബർ മാസങ്ങളിലേയ്ക്ക് അനുവദിച്ചു നൽകിയിരിക്കുന്ന മണ്ണെണ്ണ വിഹിതം 30048 കി.ലി. ആണ് പ്രതിമാസം 10016 കി.ലി മണ്ണെണ്ണയാണ് വിതരണ ത്തിനായുള്ളത്. ഇത് 12 കി.ലിറ്ററിലേയ്ക്ക് റൗണ്ട് ചെയ്ത് ഒക്ടോബർ നവംബർ മാസങ്ങളിൽ 10020 കി.ലി., ഡിസംബർ മാസത്തിൽ 10008 കി.ലി. എന്നിങ്ങനെയാണ് വിതരണം നടത്തുന്നത്. 2011-ൽ ഇതേ കാലയളവിലുള്ള അലോട്ട്മെന്റ് 47880 കി.ലി. ആയിരുന്നു. പ്രതിമാസം 15960 കി.ലി. വീതം വിതരണം നടത്തുകയുണ്ടായി. അതായത് 37.24% കുറവാണ് വന്നിട്ടുള്ളത്. |
| (ബി) ഇതുപയോഗിച്ച് എത്ര കാർഡു ടമകൾക്ക് എത്ര ലിറ്റർ വീതം ഇപ്പോൾ നൽകി വരുന്നു; | (ബി) ഇതുപയോഗിച്ച് നവംബർ മാസത്തിൽ 72,34,301 ഇ കാർഡുകൾക്കും 7,48,497 എൻ.ഇ കാർഡുകൾക്കും ഉൾപ്പെടെ മൊത്തം 79,82,798 കാർഡുടമകൾക്ക് മണ്ണെണ്ണ വിതരണം നൽകിയിട്ടുണ്ട്. ഇ കാർഡിന് 0.5ലിറ്റർ വീതവും എൻ.ഇ. കാർഡിന് 4 ലിറ്റർ വീതവുമാണ് മണ്ണെണ്ണ വിതരണം നട ത്തിയത്. |
| (സി) സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിത ത്തിൽ കേന്ദ്രാനുമതി ഇല്ലാതെ എത്ര ലിറ്റർ മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് നൽ കുന്നു; | (സി) സംസ്ഥാനത്ത് ലഭിക്കുന്ന വിഹിതത്തിൽ നിന്നും 2525 കി.ലി മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യബന്ധന പെർമിറ്റുകൾ വൻതോതിൽ പണയം വാങ്ങി ഇടനിലക്കാർ ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | മത്സ്യബന്ധന പെർമിറ്റുകൾ ദുരുപയോഗം ചെയ്യുന്നതായുള്ള ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധന പെർമിറ്റുകൾ യഥാർത്ഥ ഉപഭോക്താക്കൾക്കാണ് ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തുവാൻ ഇതിന്റെ അടിസ്ഥാനത്തിൽ തീരദേശത്തെ ജില്ലാ സപ്ലൈ ആഫീസർമാർക്ക് (തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/എറണാകുളം/കോഴിക്കോട്/കണ്ണൂർ/കാസർഗോഡ്/ മലപ്പുറം/തൃശ്ശൂർ) നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ പെർമിറ്റുകളുടെ ഉപയോഗം തടയുന്നതിനായി 18/11/2012-ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി . ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യ മേഖലയ്ക്കുള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡിലൂടെ പ്രാപ്തിയുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിലൂടെ ഇടനിലക്കാരുടെ ദുരുപയോഗം തടയുന്നതിനുള്ള പ്രാരംഭ നടപടിയായി. |
| (ഇ) | തമിഴ്നാടും മഹാരാഷ്ട്രയും മത്സ്യബന്ധനത്തിനായി കേന്ദ്രത്തിൽ നിന്നും സബ്സിഡി ഇല്ലാതെ മണ്ണെണ്ണ വാങ്ങി സംസ്ഥാന സബ്സിഡിയോടെ നൽകി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇല്ല. |
| (എഫ്) | കേരളത്തിലും ഈ മാർഗ്ഗം അവലംബിക്കാൻ കഴിഞ്ഞ സർക്കാർ അവസാന ബജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും ആയത് ഇപ്പോൾ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എഫ്) | 20കോടി രൂപ 2010-11 ന്റെ ബജറ്റിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി വകയിരുത്തിയിരുന്നില്ല. കേരളത്തിൽ ഈ മാർഗ്ഗം അവലംബിക്കുന്ന കാര്യം പരിശോധിച്ചെങ്കിലും ഇതുവരെ നടപ്പിലാക്കിയില്ല. |

സെക്ഷൻ ഓഫീസർ